കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എളവള്ളി ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
Email: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ. (പി5)1640/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ -680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in

തീയതി: 30.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന
എളവള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എളവള്ളി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-4 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-10 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം

21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ. (പി5)1640/2017 തിയ്യതി: 30.11.2017

## തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ

ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.11.16 മുതൽ 31.3.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് 2016-17 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.10.17 മുതൽ 24.10.17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എൻ. സതീശൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി. ഹണി.കെ.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷൈനി കൃഷ്ണദാസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രേഖ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.യു.കെ.ലതിക | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീ. ടി.എ.പ്രേമരാജൻ | 1.4.16 മുതൽ 31.3.17 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | സുജീഷ്.എസ് | 01.04.16 മുതൽ |

| | | |
|---|---|---|
| | | 30.06.16 വരെ |
| | ബിന്ദു | 01.07.16 മുതൽ 31.08.16 വരെ |
| | സുജീഷ്.എസ് | 01.09.16 മുതൽ 31.12.16 വരെ |
| | ബിന്ദു | 01.01.17 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. ഗ്രീഷ്മ.പി | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. ജിജി ജോസ്.കെ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | മിനി.വി.ആർ | 01.04.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ. (ബ്രഹ്മക്കുളം) | ഒഴിവ് | 01.04.16 മുതൽ 20.11.16 വരെ |
| | സനൽകുമാർ.വി.കെ | 21.11.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ. (വാക) | ലിൻഷ.എം | 01.04.16 മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഉഷ.കെ.എസ് | 01.04.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.അൻഷാദ്.എം.എച്ച് | 01.04.16 മുതൽ 31.03.17 വരെ |
| അസി.സെക്രട്ടറി | മിനി.കെ.ആർ | 01.04.16 മുതൽ 30.12.16 വരെ |
| | മായാദേവി.കെ | 31.12.16 മുതൽ 31.03.17 വരെ |
| പ്രധാനാദ്ധ്യാപകൻ | ഉഷ വിൻസെന്റ് | 01.04.16 മുതൽ 31.03.17 വരെ |
| അസി.എഞ്ചിനീയർ | സുജ ജോർജ്ജ് | 01.04.16 മുതൽ 31.03.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജിഷ.കെ.ജി | 01.04.16 മുതൽ 31.03.17 വരെ |

## ഉള്ളടക്കം

| ക്രമ | ഭാഗം 1 | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| ഭാഗം 2 | | |
| 12 | ഇ-ടെണ്ടർ - ടെണ്ടർ ഫോം വില – ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട 23,700/- രൂപ ലഭിക്കാൻ നടപടി സ്വീകരിക്കണം | 2-1 |
| 13 | തൊഴിൽ നികുതി -അപാകതകൾ | 2-2 |
| 14 | ഡി & ഒ ലൈസൻസ് -അപാകതകൾ | 2-3 |
| 15 | ലേലം -അപാകതകൾ | 2-4 |
| 16 | വാടക ഈടാക്കുന്നില്ല – പഞ്ചായത്തിന് നഷ്ടം | 2-5 |
| 17 | പരസ്യനികുതി ഈടാക്കുന്നില്ല. | 2-6 |
| 18 | ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല | 2-7 |
| 19 | ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നില്ല – പഞ്ചായത്തിന് വരുമാനനഷ്ടം | 2-8 |
| 20 | വസ്തു നികുതി - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് കുറവ് തുക അടവാക്കി | 2-9 |
| 21 | മൊബൈൽ ടവറുകളുടെ പെർമിറ്റ്, വസ്തുനികുതി - അപാകതകൾ | 2-10 |
| 22 | ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ | 2-11 |
| ഭാഗം 3 | | |
| 23 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ. | 3-1 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. | 3-2 |
| 25 | കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 3-3 |

| | | |
|---|---|---|
| 26 | പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം | 3-4 |
| 27 | റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി അവസാനിപ്പിക്കുന്നു. | 3-5 |
| 28 | വാക – കുണ്ടുപാടം റോഡ് റീ ടാറിംഗ് - അപാകതകൾ. | 3-6 |
| 29 | ഇ-ടെണ്ടർ ചെയ്ത പ്രവർത്തികളിൽ നിന്നും പഞ്ചായത്തിന് ലാഭം. | 3-7 |
| 30 | സാന്ത്വനപരിചരണ പരിപാടി- മരുന്നുകളും ഉപകരണങ്ങളും നാളിതുവരെ ലഭ്യമായിട്ടില്ല | 3-8 |
| 31 | വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതി - അനർഹമായി അനുവദിച്ച തുക തിരികെ അടവാക്കി | 3-9 |
| 32 | ലാപ്പ്ടോപ്പ് വിതരണം - അനർഹരായവർക്ക് നൽകിയതിനാൽ ചെലവ് നിരാകരിക്കുന്നു. | 3-10 |
| 33 | ആദായനികുതി ഈടാക്കിയിട്ടില്ല | 3-11 |
| 34 | മരുന്ന് ലഭ്യമായിട്ടില്ല. | 3-12 |
| 35 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-13 |
| 36 | ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതാണ് | 3-14 |
| 37 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് --- സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-15 |
| 38 | കുടിവെള്ള പദ്ധതികൾ-ജലനിധി പദ്ധതി ഉദ്ഘാടനത്തിന് ശേഷവും തുക ചെലവഴിക്കുന്നു. | 3-16 |
| 39 | വാഹനത്തിന് ടയർ വാങ്ങൽ -- ബൈബാക്ക് ഓഫർ ഉപയോഗപ്പെടുത്തിയില്ല. | 3-17 |
| 40 | വാഹനപരിപാലനം അപാകതകൾ | 3-18 |
| 41 | തനതു ഫണ്ട് വൗച്ചറുകൾ- അപാകതകൾ | 3-19 |
| 42 | ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 3-20 |
| 43 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 3-21 |
| 44 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-22 |
| 45 | അംഗൻവാടികളുടെ ഭൗതികസാഹചര്യം -- അവലോകനം | 3-23 |
| 46 | ആശ്രയ പദ്ധതി | 3-24 |
| ഭാഗം 4 | | |

| | | |
|---|---|---|
| 47 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 48 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 49 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 50 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 51 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 52 | ഓഡിറ്റ് റിക്കവറി | 4.6 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |
| 55 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

# 1-1. ബജറ്റ്

2016-17 വർഷത്തെ ബജറ്റ്, തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ 15-16 ലെ ബജറ്റ് അതേപടി 1/8.3.16 നമ്പർ തീരുമാനം ആയി അംഗീകരിച്ചു. പിന്നീട് 7.10.16 ൽ 1-ാം നമ്പർ ആയി അംഗീകരിച്ച ബജറ്റ് 21.3.17 ലെ 1-ാം നമ്പർ പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 89821182 രൂപയും ചെലവ് 89595540 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/17 | 27.7.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

3. ക്ഷേമ പെൻഷനുകൾ - വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഇൻകം ആന്റ് എക്സ്പെന്റിച്ചർ പ്രകാരം)

4. എം.ജി.എൻ.ആർ.ഇ.ജി.എസ്- ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ

വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. (ഇൻകം ആന്റ് എക്സ്പെന്റിച്ചർ പ്രകാരം)

5. വസ്തുനികുതി ഡി.സി.ബി. തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. 2016-17 വർഷത്തിൽ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ അഡ്വാൻസ് ഹെഡ്ഡിൽ വന്നിട്ടില്ല (RP- 47) വിനിയോഗ വിവരം ലഭിച്ചിട്ടില്ലാത്ത അഡ്വാൻസ് തുകകൾ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടു കാണുന്നില്ല.

2016-17ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2577684.18 |
| വരവ് | 34771479 |
| ആകെ | 37349163.18 |
| ചെലവ് | 32176943 |
| നീക്കിയിരിപ്പ് | 5172220.18 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷത്തെ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10484409 | 10484409 | 6276912 | 59.87 | 4207497 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4389309 | 4389309 | 2061909 | 47 | 2327400 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10086 | 10086 | 10086 | 100 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13549005 | 13549005 | 754798 | 5.571 | 12794207 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2855379 | 2855379 | 1274212 | 44.62 | 1581167 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5879295 | 5879295 | 1853486 | 31.53 | 4025809 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 8467 | 8467 | 0 | 0 | 8467 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 56762223 | 64 | 14829040 | 2 | 94 | 40 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 24.3% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3832493 | 5291096 | 1458603 | (+)38 % |
| നികുതിയേതര വരവുകൾ | 977807 | 1564322 | 586515 | (+)59.98% |
| മറ്റുവരവുകൾ | 704697 | -- | (-)704697 | (-)100 |
| ആകെ | 5514997 | 6855418 | 1340421 | (+)24.3 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 202800 | 120 |
| കർഷകതൊഴിലാളി പെൻഷൻ | 4776710 | 530 |
| വിധവാപെൻഷൻ | 11079680 | 1005 |
| വാർദ്ധക്യകാലപെൻഷൻ | 18562320 | 1831 |
| വികലാംഗപെൻഷൻ | 2465210 | 262 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1238350 | 124 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 240000 | 8 |

| | | |
|---|---|---|
| വിവാഹധനസഹായം | | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.10.17 തിയതിയിൽ 3.30 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5479 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. ഇത ക്യാഷ് ബുക്ക് , ഡേ ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണം

1)ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.

2) പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാന രജിസ്റ്ററുകളായ ക്യാഷ് ബുക്ക്, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അഡ്വാൻസ് നൽകുന്ന എല്ലാ വിവരങ്ങളും അഡ്വാൻസ് രജിസ്റ്ററിൽ ചേർക്കുന്നില്ല. ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചേർക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ കൂടി ചേർത്ത് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3. കൃഷി ഓഫീസർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.
4.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5. വൗച്ചറുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നില്ല.
6. ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
7. തെരുവ് വിളക്കുകൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, വാട്സ് എന്നീ വിവരങ്ങൾ ചേർക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.9.17 | 8/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.8.17 to 14.9.17 | 2012-13 മുതൽ 2016-17 വരെ | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ - ടെണ്ടർ ഫോം വില - ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട 23,700/- രൂപ ലഭിക്കാൻ നടപടി സ്വീകരിക്കണം

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം ഫീസ് സർക്കാർ ഉത്തരവ് (എം.എസ്) 318/2013ത.സ്വ.ഭ.വ. തീയതി 28-9-2013 പ്രകാരം ജില്ലയിലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. എളവള്ളി ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയർ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ 2016-17ൽ 23,700/- രൂപ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ തുക എളവള്ളി ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഉൾപ്പെടേണ്ട തുകയായതിനാൽ ഈ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി -അപാകതകൾ

2016-17 വർഷത്തിൽ പഞ്ചായത്തിലെ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് എത്രയും പെട്ടെന്ന് ഈടാക്കേണ്ടതാണ്.

യുവദർശൻ കുറീസ് എന്ന സ്ഥാപനത്തിലെ മാനേജർ ശ്രീ. സാബു മാത്യുവിന്റെ രണ്ടാം അർദ്ധ വർഷത്തെ വരുമാനം 142800 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടിയാനിൽ നിന്നും തൊഴിൽ നികുതി 1250 രൂപ ഈടാക്കേണ്ടതിനു പകരം 1000 രൂപയാണ് ഈടാക്കിയിട്ടുള്ളത്. കുറവു വന്ന 250 രൂപ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 29/17 തീയതി :24/10/17).

## 2-3 ഡി & ഒ ലൈസൻസ് -അപാകതകൾ

i) എളവള്ളി ഗ്രാമ പഞ്ചായത്തിൽ നിന്നും 2016-17 വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത് പലപ്പോഴും മതിയായ രേഖകൾ ഇല്ലാതെയാണ്. അപേക്ഷകളിൽ പലതിനുമൊപ്പം ആവശ്യമായ സാനിറ്ററി സർട്ടിഫിക്കറ്റ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, വാടക കരാർ എന്നിവയില്ല. ലൈസൻസ് ഫീസ്, വ്യാപാരികളുടെ തൊഴിൽ നികുതി എന്നിവ നിശ്ചയിക്കുന്നത് അവരുടെ പ്രതിദിന വിറ്റുവരവിനെ അടിസ്ഥാനമാക്കിയാണ് എന്നിരിക്കെ പല അപേക്ഷകളിലും ആയത് രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ലൈസൻസ് നം.50, സിന്ധു നന്ദകുമാർ, നിർമ്മൽ പെറ്റ് പ്രോഡക്ട്സ് - 63 എച്ച്.പി. യന്ത്രസാമഗ്രികൾ - മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ല.

ലൈസൻസ് നം. 37, ബാബു.കെ.ഒ. കണ്ണനായ്ക്കൽ ജ്വല്ലറി വർക്ക്സ് - പ്രതിദിന വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.

ലൈസൻസ് നം. 63, ശാന്ത പീതാംബരൻ - അമൃതം ഫുഡ് സപ്ലിമെന്റ് - സാനിറ്ററി

സർട്ടിഫിക്കറ്റ് ഇല്ല.

ii)താഴെ പറയുന്ന വ്യാപാരികളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവു കാണുന്നു.

| ലൈസൻസ് നം. | വ്യാപാരിയുടെ പേര് | പ്രതിദിന വിറ്റുവരവ് | ഈടാക്കേണ്ട ലൈസൻസ് ഫീ | ഈടാക്കിയ ലൈസൻസ് ഫീ | കുറവ് |
|---|---|---|---|---|---|
| 131 | പി.കെ.ഫ്രാൻസിസ്<br>പൊന്നോർ ഹാർഡ് വെയർ & ഇലക്ട്രോണിക്സ് | 50000 | 1000 | 300 | 700 |
| 58 | സുഷ. പി.എ.<br>മാവേലി സ്റ്റോർ പൂവ്വത്തൂർ | 30000 | 1000 | 300 | 700 |
| ആകെ | | | | | 1400 |

കുറവു വന്ന തുക എത്രയും പെട്ടെന്ന് ബന്ധപ്പെട്ട വ്യാപാരികളിൽ നിന്നും ഈടാക്കേണ്ടതാണ്.

iii) വ്യാപാരികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിലും കുറവു വന്നതായി കാണുന്നു. വിശദമായി താഴെ ചേർക്കുന്നു.

| ലൈസൻസ് നം. | വ്യാപാരിയുടെ പേര് | പ്രതിദിന വിറ്റുവരവ് | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 43 | കുമാരൻ<br>വർഷ പപ്പട വർക്ക്സ് | 10000 | 900<br>(450x2) | 600 | 300 |
| 127 | സൈമൺ, അർച്ചന സ്റ്റോഴ്സ് | 5000 | 600<br>(300x2) | 360 | 240 |
| 131 | പി.കെ.ഫ്രാൻസിസ്<br>പൊന്നോർ ഹാർഡ് വെയർ & ഇലക്ട്രോണിക്സ് | 50000 | 2500<br>(1250x2) | 900 | 1600 |
| 198 | ലില്ലി ദേവസ്സി | 5000 | 600<br>(300x2) | 360 | 240 |
| 275 | കെ.കെ.ഷീജ<br>അമ്മൂസ് ഫുഡ് | 10000 | 900<br>(450x2) | 600 | 300 |
| 348 | സജിനി രഘു | 10000 | 900 | 600 | 300 |

| | | | | | |
|---|---|---|---|---|---|
| | പൂരം പപ്പടം | | (450x2) | | |
| 440 | പി.വി. ഭരതൻ<br>ഭരതം ഫുഡ് പ്രോഡക്ട്സ് | 5000 | 600<br>(300x2) | 360 | 240 |
| 454 | പുഷ്പലത<br>ശ്രീമുക്ത സൂപ്പർ ക്വാളിറ്റി ഫുഡ് വർക്ക്സ് | 10000 | 900<br>(450x2) | 600 | 300 |
| ആകെ | | | | | 3400 |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന തുക എത്രയും പെട്ടെന്ന് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 25/17 തീയതി :21/10/17)

## 2-4 ലേലം - അപാകതകൾ

പഞ്ചായത്ത് പരിധിയിലുള്ള കുളങ്ങളുടെയും ഫലവൃക്ഷങ്ങളുടെ മേലാദായത്തിന്റെയും ലേലനടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| മൽസ്യക്കുളങ്ങൾ | 46200 | 31300 | 14900 |
| ഫലവൃക്ഷങ്ങൾ | 16700 | 10850 | 5850 |

ആകെ 20750 രൂപ വാർഷിക കണക്കുകൾ പ്രകാരം പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. ഇതിൽ 2950 രൂപ 2017-18ൽ അടവാക്കിയിട്ടുള്ളതാണ്. നിലവിൽ 17800 രൂപ ബാക്കിയുണ്ട്.

പഞ്ചായത്തിലെ ലേലനോട്ടീസ് പ്രകാരം ലേലം നടന്ന് 7 ദിവസത്തിനുള്ളിൽ മുഴുവൻ ലേലത്തുകയും അടവാക്കേണ്ടതും, 200 രൂപയുടെ മുദ്രപ്പത്രത്തിൽ (അഥവാ ലേലത്തുകയുടെ 5% തുക) കരാർ വയ്ക്കേണ്ടതുമാണ്. എന്നാൽ ലേലം കൊണ്ട വ്യക്തികൾ കരാർ വക്കുകയോ, ലേലത്തുക പൂർണ്ണമായും അടവാക്കുകയോ ചെയ്തിട്ടില്ല.

ലേല വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും, മുഴുവൻ തുക ഈടാക്കേണ്ടതുമാണ്.

## 2-5 വാടക ഈടാക്കുന്നില്ല – പഞ്ചായത്തിന് നഷ്ടം

പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്ന് കൃത്യമായി വാടക പിരിച്ചെടുക്കുന്നില്ല. വാർഷികകണക്ക് പ്രകാരം 305000 രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ഒരു മാസം പോലും

വാടക അടവാക്കാത്ത വ്യക്തികൾ ഇപ്പോഴും വാടകക്കാരായി തുടരുന്നു.

<u>അപാകതകൾ</u>

1) 7.11.14ലെ ഭരണസമിതിയുടെ 146/14 നമ്പർ തീരുമാനപ്രകാരം കരട് ബൈലോ തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിനയക്കാൻ തീരുമാനിച്ചെങ്കിലും നാളിതുവരെ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

2) ഷോപ്പിംഗ് കോംപ്ലക്സിലെ 437J, 437A, 437K, 437F എന്നീ മുറികൾക്ക് നാളിതുവരെ വാടക നിശ്ചയിച്ചിട്ടില്ല.

3) 437E മുറി ലേലത്തിൽ നൽകിയിട്ടില്ല.

4) പഞ്ചായത്ത് മത്സ്യമാർക്കറ്റിലെ മുറികൾ എല്ലാം ലേലത്തിൽ നൽകിയിട്ടില്ല. ഇവിടെ മുൻപ് കച്ചവടം ചെയ്തിരുന്ന 3 പേർക്ക് മുറി ലേലം ചെയ്യാതെ നൽകിയിരുന്നു. ഇതൊഴിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ വാടകക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP(C)35148/16 നമ്പരായി കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ആയതിന്റെ വിധി വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

5) വനിതാ വ്യവസായ എസ്റ്റേറ്റിൽ 8/242B1 മുറി ഒഴിവാണ്.

6) എല്ലാ വാടകക്കാരും പഞ്ചായത്തുമായി കരാർ വക്കുന്നില്ല.

7) 2011 ൽ ബസ്സ് സ്റ്റാന്റിൽ കെട്ടിടം പണിയുമെന്നവകാശപ്പെട്ട് ചില വ്യക്തികളിൽ നിന്ന് മുൻകൂർ കൈപ്പറ്റിയതായി കാണുന്നു.

8) ഭരണസമിതിയുടെ 17/03/2015ലെ 65(3)/15 നമ്പർ തീരുമാനപ്രകാരം മുകൾനിലയിലെ 5 മുറികളും, താഴത്തെ ഒരു മുറിയും ചിറ്റാട്ടുകര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന് അനുവദിച്ചു

| കെട്ടിട നം | വാടക | വാർഷിക വാടക | ഇനം |
|---|---|---|---|
| 13/437A | 2000 | 24000 | താഴെ നീതി സ്റ്റോർ |
| 13/437J | 7500 | 90000 | 5 മുറികളും ഹാളും ഉൾപ്പെടെ മുകളിൽ ബാങ്ക് പ്രവർത്തനം |

ഈ നിരക്ക് PWD വാടക നിർണ്ണയിക്കുന്നതുവരെ എന്നായിരുന്നു തീരുമാനം. എന്നാൽ നാളിതുവരെ PWD നിരക്കിൽ വാടക നിർണ്ണയിച്ചിട്ടില്ല. മാത്രമല്ല താഴെ നിലയിലെ വാടക നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്.

അപാകതകൾ പരിഹരിച്ച് ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കി മുറികൾ പരസ്യലേലം നടത്തി വാടകക്ക് നൽകേണ്ടതും, എല്ലാവരുമായി കരാർ വച്ച് യഥാസമയം വാടക പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.

## 2-6 <u>പരസ്യനികുതി ഈടാക്കുന്നില്ല.</u>

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 209 പ്രകാരം പഞ്ചായത്ത് പരിധിയിലെ ഭൂമിയിലോ, കെട്ടിടത്തിലോ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യത്തിന് നികുതി ഈടാക്കാവുന്നതാണ്. കരട് ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങേണ്ടതാണ്. ധാരാളം പരസ്യങ്ങൾ പഞ്ചായത്ത് അതിർത്തിയിൽ പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിലും നികുതി ഈടാക്കിയിട്ടില്ല. ബൈലോ അംഗീകാരം ലഭ്യമാക്കി നികുതി ഈടാക്കേണ്ടതാണ്.

## 2-7 ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം 3 പൂർണ്ണ സാമ്പത്തിക വർഷങ്ങളിലായി അവകാശപ്പെടാത്തതും, തിരികെ വാങ്ങാത്തതുമായ ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് അപ്രകാരം ചെയ്തിട്ടില്ല. 31.3.2014 വരെ ഇപ്രകാരം തിരികെ നൽകാത്ത ഫണ്ടുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നില്ല – പഞ്ചായത്തിന് വരുമാനനഷ്ടം

പഞ്ചായത്ത് ഭരണസമിതി എടുക്കുന്ന തീരുമാനങ്ങൾ യഥാസമയം നടപ്പാക്കുന്നില്ല.ആയത് മൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകുന്നു.

| ഭരണസമിതി തീരുമാനം നം, തീയതി | തീരുമാനം |
|---|---|
| 74/16–15.3.16,<br>121/16–9.6.16 | പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചത് ലേലം ചെയ്യുന്നതിന് |
| 130/16–25.6.16 | 13/437F മുറി MLA ഓഫീസിന് അനുവദിച്ചതിന് PWD നിരക്കിൽ വാടക ഈടാക്കുവാൻ |
| 179(7)/16-- 10.8.16 | പഞ്ചായത്ത് പൂവത്തൂർ ടാക്സി സ്റ്റാന്റിലെ വൈദ്യുതി കണക്ഷൻ ചിറ്റാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് ഉപയോഗിച്ചതിനാൽ 8000രൂപ ഈടാക്കുന്നതിന് |
| 191/16–3.9.16 | മറ്റ് മുറികൾക്ക് കൂടുതൽ വാടക ലഭിച്ചതിനാൽ, ചിറ്റാട്ടുകര സർവീസ് സഹകരണബാങ്കിന്റെ മുറികൾക്ക് (13/437A,13/437J) വാടക പുന:നിർണ്ണയിക്കുന്നത് |
| 239/16-- 2.11.16 | മത്സ്യ മാർക്കറ്റിലെ 2 മുറികൾ പരസ്യലേലം നടത്തുന്നത് |

| | |
|---|---|
| 61(2)-- 21.3.17 | പൂവത്തൂർ ബസ്സ്സ്റ്റാന്റ് -- 13/437A, J, K, F മുറികളുടെ വാടക നിർണ്ണയിക്കുന്നത് |

മേൽതീരുമാനങ്ങൾ നടപ്പിലാക്കിയിരുന്നുവെങ്കിൽ പഞ്ചായത്തിന് കൂടുതൽ വരുമാനം ലഭിക്കുമായിരുന്നു.യഥാസമയം ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 വസ്തു നികുതി - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് കുറവ് തുക അടവാക്കി

മുഹമ്മദ് ഇക്ബാൽ, കൊളങ്ങര വീട്ടിൽ, പുഴങ്ങര, ചിറ്റാട്ടുകര എന്നവരുടെ 251.27എം$^2$ തറവിസ്തീർണ്ണമുള്ള വാസഗൃഹത്തിനാണ് 2016-17 വർഷത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്. നിർമ്മാണത്തിനായി 2009-10 സാമ്പത്തിക വർഷത്തിലാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നത്. നിർമ്മാണാനുമതിയുടെ കാലാവധി പൂർത്തിയായിട്ടും പെർമിറ്റ് പുതുക്കിയിരുന്നില്ല. മാത്രമല്ല എ3/2012/367/2009-10 തിയ്യതി 14.01.10 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിരിക്കുന്നത് 185.59എം$^2$ നാണ് അധികരിച്ച് പണിത ഏരിയ വസ്തു നികുതി നിർണ്ണയിക്കുമ്പോഴും ക്രമവത്കരിച്ച് നൽകിയിരുന്നില്ല. ഈ അപാകത ചൂണ്ടികാണിച്ച് 21.10.17ന് എൻക്വയറി നൽകിയതിനെ തുടർന്ന് 23.10.17 ന് രശീതി നം. 117030103504 പ്രകാരം ക്രമവത്കരണ ഫീസ് ഈടാക്കിയിട്ടുണ്ട് (തുക 1508).

## 2-10 മൊബൈൽ ടവറുകളുടെ പെർമിറ്റ് , വസ്തുനികുതി - അപാകതകൾ

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ പെർമിറ്റ്, വസ്തുനികുതി ഈടാക്കുന്നത് എന്നിവ സംബന്ധിച്ച് ഓഡിറ്റ് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിയിലെ നാല് മൊബൈൽ ടവറുകൾക്ക് മുൻ വർഷങ്ങളിൽ നിർമ്മാണാനുമതി നൽകിയതായി കാണുന്നു. എന്നാൽ നിർമ്മാണം പൂർത്തിയാക്കി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയതായോ, വസ്തു നികുതി നിർണ്ണയം നടത്തി ഈടാക്കുന്നതായോ കാണുന്നില്ല. പെർമിറ്റ് പുതുക്കിയതായും കാണുന്നില്ല. പെർമിറ്റ് അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവർ | പെർമിറ്റ് നം |
|---|---|
| ഭാരതി എയർടെൽ ലിമിറ്റഡ് | എ3/212/07 തി. 14.6.07 |
| റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | എ3/ 02/147/08-09 തി. 8.8.08 |
| ജി.ടി.എൽ. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | എ3/212/130/10-11 തി. 6.9.10 |
| ഇൻഡസ് ടവർ ലിമിറ്റഡ് | ബി 1/212/5/12-13 തി. 25.3.13 |

പെർമിറ്റ് അനുവദിച്ചതിന്മേൽ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയതിന് (26/23.10.17) പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പെർമിറ്റ് അനുവദിച്ചതിന്മേൽ അന്വേഷണം നടത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. നിലവിൽ 3 ടവറുകളുടെയാണ് വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്. ഇതിൽ 2 എണ്ണത്തിൽ നിന്നും 2013-14 മുതലുള്ള കുടിശ്ശിക ഈടാക്കാനുള്ളതായി കാണുന്നു.

| മൊബൈൽ ടവർ | വർഷം | കുടിശ്ശിക തുക |
|---|---|---|
| ഇൻഡസ് ടവേഴ്സ് | 2013-14 മുതൽ 2016-17 വരെ | 23100 |
| എസ്സാർ ടെലികോം പ്രൈ. ലിമിറ്റഡ് | 2013-14 മുതൽ 2016-17 വരെ | 30996 |

കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-11 ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ

2016-17 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകളും ഫയലുകളും പരിശോധിച്ചതിന്മേൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. റവന്യു രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തുകയും എന്നാൽ 12.8.08ന് മുമ്പ് നികത്തുകയോ നികത്തപ്പെടുകയോ ചെയ്തതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ നിർമ്മാണാനുമതി നൽകുന്നതിന് സെക്രട്ടറി, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന ടീം സന്ദർശനം നടത്തി മേൽ ഭൂമി 12.8.08ന് മുമ്പ് നികത്തപ്പെട്ടതാണെന്ന് ഉറപ്പുവരുത്തി ശുപാർശ ചെയ്യാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 994733/ ആർ എ1/2016 ത സ്വ ഭ വ തി. 22.12.16 ലെ സർക്കുലറിലും, മേൽ ടീം ലഭ്യമാക്കുന്ന റിപ്പോർട്ട് പരിശോധിച്ച് അനുമതി നൽകാവുന്നതാണെന്ന റവന്യു വകുപ്പിന്റെ 22.12.16 ലെ 46848/പി 1/2016 റവന്യു സർക്കുലറിലും നിർദ്ദേശമുണ്ട്.

രണ്ട് സർക്കുലറുകളിലും ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ രണ്ട് മാസത്തിനകം തീർപ്പാക്കേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ നാളിതുവരെ തീർപ്പുകല്പിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (23/23.10.17) ആർ.ഡി.ഒ. യ്ക്ക് നൽകിയ അപേക്ഷകൾ സെക്രട്ടറിയോട് നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ച് തിരിച്ചയച്ചതായും, തുടർനടപടികൾ സ്വീകരിക്കുന്നതിന് സ്പഷ്ടീകരണത്തിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയതായും ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പെർമിറ്റ് കാലാവധി പുതുക്കി നൽകുന്നില്ല

2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ റൂൾ 17 പ്രകാരം അനുവദിച്ചിട്ടുള്ള വികസന പെർമിറ്റ്/കെട്ടിട നിർമ്മാണ പെർമിറ്റ് ആയത് അനുവദിച്ച തിയതി മുതൽ 3 വർഷത്തേയ്ക്ക് സാധുവായിരിക്കുന്നതും കാലയളവിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ 3 വർഷക്കാലം എന്ന കണക്കിന് 2 പ്രാവശ്യം കൂടി പെർമിറ്റ് നീട്ടി നൽകുന്നതും ആണ്. മുൻ വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആ കാലയളവിൽ പെർമിറ്റ് അനുവദിക്കുകയും 2016-17 വർഷത്തിൽ കാലാവധി പൂർത്തിയാകുകയും ചെയ്ത നിർമ്മാണാനുമതികളിന്മേൽ അനുമതി പുതുക്കി നൽകുന്നതായി കാണുന്നില്ല. കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് അപേക്ഷകൾ പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. പെർമിറ്റ് രജിസ്റ്റർ അപൂർണ്ണം

പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് അനുവദിക്കുന്നതുവരെയുള്ള വിവരങ്ങൾ മാത്രമാണ് ചേർക്കുന്നത്. പൂർത്തീകരണ വിവരം, നികുതി നിർണ്ണയം നടത്തിയതിന്റെ വിവരങ്ങൾ എന്നിവയൊന്നും ചേർക്കുന്നില്ല. രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

4. ബ്രഹ്മംകുളം വില്ലേജ് സർവ്വേ നം. 122/3 എന്ന സ്ഥലത്ത് വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റിനായി നസീർ. കെ.എൻ, S/o കുഞ്ഞുമോൻ, നാലകത്ത് ചന്ദന പറമ്പിൽ വീട്, കാക്കശ്ശേരി എന്നവർ 22.11.16 ന് അപേക്ഷ സമർപ്പിച്ചിരുന്നു. റവന്യൂ രേഖകളിൽ ഈ സ്ഥലം നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പഞ്ചായത്ത് അപേക്ഷ നിരസിക്കുകയും ആയതിന്മേൽ ടിയാൻ ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്യുകയും ഉണ്ടായി. (wp (c) 6958)ഇതിന്മേൽ റവന്യൂ രേഖകളിൽ നിലം എന്നും എന്നാൽ 12.8.08 ന് മുമ്പ് നികത്തുകയോ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാതിരിക്കുകയും ചെയ്ത ഭൂമിയിൽ സെക്രട്ടറി, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന ടീം സന്ദർശനം നടത്തി മേൽ ഭൂമി 12.8.08ന് മുൻപ് നികത്തപ്പെട്ടതാണെന്ന് ഉറപ്പു വരുത്തി ശുപാർശ ചെയ്യാവുന്നതാണെന്ന് കോടതി നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 994733/ആർ.എ1/2016 ത.സ്വ.ഭ.വ.തി. 22.12.16ലെ സർക്കുലറിലെ വ്യവസ്ഥകളനുസരിച്ച് നിയമാനുസരണം നിർമ്മാണാനുമതി നൽകുന്നതിന് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകികൊണ്ട് തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ ബി 2/17575/16 കെ.ഡിസ്. തിയ്യതി 28.1.17 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ ഈ വിഷയത്തിൽ അന്വേഷണം നടത്തി നിയമാനുസൃതം 3 മാസത്തിനുള്ളിൽ നടപടി പൂർത്തിയാക്കുന്നതിനും കോടതി നിർദ്ദേശിച്ചിരുന്നു. കോടതി നിർദ്ദേശത്തിന്മേലും ആർ.ഡി.ഒ.യുടെ ഉത്തരവിന്മേലും പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് RDOയുടെ ഭൂമിയുടെ തരം ക്രമവത്കരിച്ചുകൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷ പരിഗണിക്കേണ്ടതാണെന്ന കോടതി വിധിയിന്മേൽ ഭൂമിയുടെ തരം ക്രമവത്കരിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ.

2016-17 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവു രേഖകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ/തുക | പ്രോജക്ട് നമ്പർ/ പ്രോജക്ടിന്റെ പേര് | അപാകതകൾ |
|---|---|---|
| 30/16-17 dt. 21-3-17<br>82,800/- | 46/17<br>ഡിസ്പെൻസറി കളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 1. കമ്പ്യൂട്ടർ സപ്ലൈ ചെയ്യുന്നതിന് ക്വട്ടേഷൻ ലഭിച്ച ഹാൽസ്യൻ ട്രാൻസ്മിഷൻ ടെക്നോളജീസ് എന്ന സ്ഥാപനവുമായി കരാർ ഉടമ്പടി വെച്ചിട്ടില്ല.<br>2. കമ്പ്യൂട്ടർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.<br>3. കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ പ്രത്യേകം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. |
| 32/16-17 dt. 21-3-17<br>50,000/- | 49/17<br>പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണീച്ചർ വാങ്ങൽ | 1. ഫർണീച്ചർ വിതരണം നടത്തിയ ഇംപാക്ട് എന്റർപ്രൈസസ് എന്ന സ്ഥാപനവുമായി കരാർ ഉടമ്പടി വെച്ചിട്ടില്ല.<br>2. ഫർണീച്ചർ സ്റ്റോക്കിലെടുത്തിട്ടില്ല. |
| 31/16-17 dt. 21-3-17<br>14,685/- | 44/17<br>ഹോമിയോ ആശുപത്രിയിലേക്ക് ഫർണീച്ചർ വാങ്ങൽ | 1. ഫർണീച്ചർ വിതരണക്കാരായ ഫിഡ്കോ എന്റർപ്രൈസസുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.<br>2. ഫർണീച്ചർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ല. |

അപാകതകൾ പരിഹരിച്ച് പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ മേൽപറഞ്ഞ പദ്ധതികൾക്കായി ചെലവഴിച്ച മൊത്തം 1,47,485/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

2016-17 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമായിട്ടില്ല.

| ക്രമ നം. | ട്രഷറി ബിൽ നമ്പർ/വൗച്ചർ നമ്പർ,തുക | പ്രോജക്ട് നമ്പർ/പേര് | ചെലവിന്റെ വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 1 | 12/16-17 dt.31-10-16 75,000/- | 72/17 എ.ബി.സി. പ്രോഗ്രാം പഞ്ചായത്ത് വിഹിതം അടവാക്കൽ | ജില്ലാ പഞ്ചായത്തിന് തുക കൈമാറി. | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 2 | 13/16-17 dt. 28-10-16 45,000/- | 28/17 ഐ.കെ.എം. വിഹിതം നൽകൽ. | ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് തുക കൈമാറി. | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 3 | 14/16-17 dt. 28-10-16 1,80,000/ | 51/17 പി.എം.എ.വൈ വിഹിതം നൽകൽ | മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് തുക കൈമാറി. | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| ആകെ | 3,00,000/- | | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ മേൽ പറഞ്ഞ പദ്ധതികൾക്കായി പഞ്ചായത്ത് വിനിയോഗിച്ച 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

എളവള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2016-17 വർഷത്തിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർ വാങ്ങൽ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നീ പദ്ധതികളിലൂടെ താഴെ പറയും പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ട്രഷറി ബിൽ നമ്പർ, തുക | വിതരണം ചെയ്ത സ്ഥാപനം |
|---|---|---|---|---|
| 1 | 46/17 | ഡിസ്പെൻസറികളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 30/16-17 dt.21-3-17 | ഹാൽസ്യൻ ട്രാൻസ്മിഷൻ ടെക്നോളജീസ്. |
| 2 | 47/17 | പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ. | 16/16-17 dt.19-12-16 | കെൽട്രോൺ |

| | | | | |
|---|---|---|---|---|
| | | | 1,00,000/-<br>17/16-17 dt.19-12-17<br>80,000/-<br>34/16-17 dt.21-3-17<br>1,00,000/-<br>35/16-17 dt.21-3-17<br>20,000/- | |

കമ്പ്യൂട്ടറും, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ചും, വിതരണം സംബന്ധിച്ചുമുള്ള വിവരങ്ങൾ ആധികാരകമായി രേഖപ്പെടുത്തുന്നതിനുള്ള കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-4 പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഇവയുടെ ശതമാനം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത്/ ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| എണ്ണം | 84 | 13 | 15.47 |
| തുക | 3,25,43,887 | 27,22,716 | 8.37 |

അംഗീകാരം കിട്ടിയ പ്രോജക്ടുകളിൽ 15.47% പ്രോജക്ടുകൾ നടപ്പാക്കുവാനും വകയിരുത്തിയ തുകയുടെ 8.37% തുക ചെലവഴിക്കാനും മാത്രമെ സാധിച്ചിട്ടുള്ളൂ. കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പ്രോജക്ടുകളുടെ ബാഹുല്യം കാരണം ഗുണമേന്മ ഉറപ്പുവരുത്താൻ പലപ്പോഴും സാധിക്കുകയുമില്ല. ഭൂരിഭാഗം പ്രോജക്ടുകളും തൻവർഷം നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാത്തതു മൂലം ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കപ്പെടുന്നതിനും തൻവർഷം ചെലവഴിക്കേണ്ട തുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും കാരണമാകുന്നു. അതിനാൽ പ്രോജക്ടുകളുടെ എണ്ണം കുറച്ച് ഗുണമേൻമ ഉറപ്പുവരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി

## അവസാനിപ്പിക്കുന്നു.

ഗ്രാമ പഞ്ചായത്ത് 2016-17ൽ ഏറ്റെടുത്ത ചില റോഡുനിർമ്മാണ പ്രവൃത്തികൾ സോളിംഗ് വരെയുള്ള ഇനങ്ങൾ പൂർത്തീകരിച്ച് അവസാനിപ്പിച്ചതായി കാണുന്നു. സോളിംഗ് മാത്രം നടത്തി അവസാനിപ്പിച്ച ഏതാനും റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | രവി വർമ്മ റോഡ് സോളിംഗ് | 1,50,000 | 1,50,000 |
| 2 | കളർപാടം റോഡ് സോളിംഗ് | 1,50,000 | 1,50,000 |
| 3 | അത്താണിച്ചിറപ്പാടം റോഡ് സോളിംഗ് | 2,00,000 | 2,00,000 |
| 4 | കാളിയന്തറ റോഡ് 2 സോളിംഗ് | 1,60,000 | 1,42,185 |
| 5 | കാളിയന്തറ റോഡ് 1 സോളിംഗ് | 1,86,000 | 47,534 + 1,38,466 |

മേൽപറഞ്ഞ പ്രവൃത്തികളിൽ ക്രമ നമ്പർ 1, 3, 5 എന്നീ റോഡുകൾക്കു മാത്രമെ തുടർ പ്രവർത്തനങ്ങൾക്കായി 2017-18 വർഷത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളൂ. മറ്റുള്ള പ്രൊജക്ടുകൾ അംഗീകാരത്തിന് നൽകിയിട്ടില്ല. മരാമത്ത് പ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നതിനു പകരം പൂർത്തീകരണത്തിന് ആവശ്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 3-6 വാക - കുണ്ടുപാടം റോഡ് റീ ടാറിംഗ് - അപാകതകൾ.

പ്രോജക്ട് നമ്പർ - 106/16-17.

അടങ്കൽ - 5,00,000/-

ട്രഷറി ബിൽ നമ്പർ - 14/16-17 തീയതി - 31-3-17

ചെലവ് - 4,79,798/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

മേൽ പറഞ്ഞ പ്രവൃത്തിയുടെ ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. റോഡ് റീടാറിംഗ് പ്രവൃത്തിക്കായി ടാർ ഉപയോഗിച്ചതിന്റെ വിനിയോഗ വിവരം, അളവ്, ഗുണനിലവാരം എന്നിവ എം.ബുക്കിൽ രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന supplying and fixing Name Board എന്ന ഇനം ഒഴിവാക്കിയാണ് ബിൽ നൽകിയിരിക്കുന്നത്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയുണ്ടായി. അപാകതകൾ

ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്നും പഞ്ചായത്തിന് ലാഭം.

സ.ഉ.(പി) നം. 542/15/ധന. തീയതി 17-11-2015 പ്രകാരം 5 ലക്ഷം രൂപയും അതിനു മുകളിലുള്ള എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെണ്ടർ ബാധകമാക്കിയിട്ടുണ്ട്. 2016-17 വർഷത്തിൽ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ 5 ലക്ഷം രൂപ മുതൽ അടങ്കൽ നിശ്ചയിച്ച 15 പ്രവൃത്തികളാണ് ഇ-ടെണ്ടർ മുഖാന്തരം നടപ്പാക്കിയത്. ഓഡിറ്റ് വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ ഒരു പ്രവൃത്തി (വാക കുണ്ടുപാടം റോഡ് റീടാറിംഗ്) ഒഴികെയുള്ള പ്രവൃത്തികളുടെ ഫൈനൽ ബിൽ ആയിട്ടില്ല. നിലവിൽ 11 പ്രവൃത്തികൾ പൂർത്തീകരിച്ചതായി ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/16-17 തീയതി 19-10-17) മറുപടി ലഭിച്ചു. ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്നും പഞ്ചായത്തിന് 16,26,835/- രൂപ ലാഭമുണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ കുറവ് | ലാഭം |
|---|---|---|---|---|
| 1 | വാക കുണ്ടുപാടം റോഡ് റീടാറിംഗ് | 500000 | 483062 | 16938 |
| 2 | വനിതകൾക്ക് നൂൽ നൂൽപ് കേന്ദ്രം | 1000000 | 938030 | 61970 |
| 3 | മുസ്ളിം പള്ളി - തലപ്പിള്ളി ആൽ റോഡ് റീടാറിംഗ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് ഡ്രെയിൻ | 1000000 | 930510 | 69490 |
| 4 | മുതിരപ്പറമ്പൻ റോഡി റീ ടാറിംഗ് | 500000 | 491136 | 8864 |
| 5 | മോഡേറ്റുകുന്ന് റോഡ് ടാറിംഗ് | 500000 | 489561 | 10439 |
| 6 | ഗാന്ധി സ്മാരക റോഡ് റീ ടാറിംഗ് | 500000 | 485120 | 14880 |
| 7 | മിച്ചഭൂമി പ്ലോട്ട് നമ്പർ 1 റീടാറിംഗ്, കാന നിർമ്മാണം | 500000 | 484748 | 15252 |
| 8 | കാക്കശ്ശേരി ജനശക്തി റോഡ് റീ ടാറിംഗ് | 549000 | 537642 | 11358 |
| 9 | പണ്ടറക്കാട് പാലം | 5401018 | 4363440 | 1037578 |
| 10 | നടുപ്പന്തി-ബ്രഹ്മകുളം റോഡ് റീ ടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ and construction of Drain | 600000 | 599588 | 412 |
| 11 | പൂവ്വത്തൂർ - വയ്ക്കാട്ടു റോഡ് റീടാറിംഗ് | 750000 | 696407 | 53593 |
| 12 | കാക്കശ്ശേരി - വയലിക്കുളങ്ങര റോഡ് റീടാറിംഗ്, കാന നിർമ്മാണം | 800000 | 777427 | 22573 |

| | | | | |
|---|---|---|---|---|
| 13 | പാറ ജനശക്തി റോഡ് റീ ടാറിംഗ് | 1100000 | 1015142 | 84858 |
| 14 | പഞ്ചായത്ത് ഓഫീസ് നിർമ്മാണ പ്രവർത്തനങ്ങൾ | 1499500 | 1280670 | 218830 |
| 15 | SC വനിതകൾക്ക് നൂൽനൂൽപ്പ കേന്ദ്രം | 1117250 | 1117250 | -- |
| | | | ആകെ | 16,26,835 |

സാമ്പത്തിക വർഷം 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള മറ്റെല്ലാ മരാമത്ത് പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ഉറപ്പിച്ചു നൽകുകയാണ് ഉണ്ടായത്.

# 3-8 സാന്ത്വനപരിചരണ പരിപാടി- മരുന്നുകളും ഉപകരണങ്ങളും നാളിതുവരെ ലഭ്യമായിട്ടില്ല

പ്രോജക്ട് നം. 32/17

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ബിൽ നം. 5/16-17 തിയതി 13.2.17 തുക 249076

ബിൽ നം. 6/16-17 തിയതി 13.2.17 തുക 40000

പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിന് കാരുണ്യ ഫാർമസിയുടെ പ്രോഫോർമ ഇൻവോയ്സ് PRF 038/17.1.17 ന്റെ അടിസ്ഥാനത്തിൽ 210000 രൂപയും, ഉപകരണങ്ങൾ വാങ്ങുന്നതിന് PRF 037/17.1.17 ന്റെ അടിസ്ഥാനത്തിൽ 40000 രൂപയും മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച് സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ 69866 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകളും ഉപകരണങ്ങളും ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതി - അനർഹമായി അനുവദിച്ച തുക തിരികെ അടവാക്കി

പദ്ധതി നമ്പർ SO 125/17- മുട്ടക്കോഴി വിതരണം (SC)

മേൽ പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് മുട്ടക്കോഴി വിതരണത്തിനായി 500 രൂപ വീതം 36x500 = 18000.00 രൂപ എസ്.സി.പി. വികസന ഫണ്ടിൽ നിന്നും ആര്യ ഫാമിന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പ്രസ്തുത ആനുകൂല്യം ലഭിച്ച ഓമന സുരേന്ദ്രൻ എന്നവർക്ക് എളവള്ളി വില്ലേജ് ഓഫീസിൽ നിന്ന് അനുവദിച്ച ജാതി സർട്ടിഫിക്കറ്റിൽ ഇവരുടെ ജാതി ഒ.ബി.സി/തീയ്യ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമേ ആനുകൂല്യത്തിന് അർഹതയുള്ളൂ എന്നതിനാൽ ശ്രീമതി ഓമന സുരേന്ദ്രന് വേണ്ടി ചെലവഴിച്ച 500 രൂപ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി സഞ്ചിത നിധിയിലേക്ക് അടവാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 24/2017 തീയ്യതി 21/10/17 പ്രകാരം നിർദ്ദേശിച്ചതിനെ തുടർന്ന് രശീതി നമ്പർ 117030103510 പ്രകാരം 23/10/17ന്

തുക തിരിച്ച് അടവാക്കിയിട്ടുണ്ട്.

## 3-10 ലാപ്പ്ടോപ്പ് വിതരണം -- അനർഹരായവർക്ക് നൽകിയതിനാൽ ചെലവ് നിരാകരിക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥ-- എച്ച്.എം., ജി.എൽ.പി.എസ്., കാക്കശ്ശേരി

പദ്ധതി --1) എസ്.സി. പ്രഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് (S056/17)

ബിൽ നം. --7/17.3.17 – 218000/-രൂപ

ഹാൽസിയൻ ട്രാൻസ്മിഷൻ ടെക്നോളജിസ് പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽനിന്ന് 10 ലാപ്പ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തു. ഇതിൽ ഒരു വിദ്യാർത്ഥി (പ്രജിത്ത്, അന്തിക്കാട്) വിസ്ഡം കോളേജ്, പാവറട്ടി എന്ന പാരലൽ കോളേജിലാണ് പഠിക്കുന്നത്.

2) എസ്.സി. പ്രഫഷണൽ വിദ്യാർത്ഥിനികൾക്ക് ലാപ്പ്ടോപ്പ് (S057/17)

ബിൽ നം. --8/17.3.17 – 174400/-രൂപ

ഹാൽസിയൻ ട്രാൻസ്മിഷൻ ടെക്നോളജിസ് പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽനിന്ന് 8 ലാപ്പ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തു. 3 വിദ്യാർത്ഥിനികൾ പാരലൽ കോളേജിലാണ് പഠിക്കുന്നത്.

| പേര് | കോളേജ് |
|---|---|
| പി.ജി. ഗീത, പെരിങ്ങോടൻ | വിസ്ഡം കോളേജ് ,പാവറട്ടി |
| വൈശ്യ എം.വി., മാരിപ്പാടത്ത് | ആര്യഭട്ട കോളേജ്, പുത്തമ്പല്ലി, ഗുരുവായൂർ |
| അഖില അപ്പുക്കുട്ടൻ, ഏങ്ങടി | സെന്റ് ജോസഫ്സ് കോളേജ്, പാവറട്ടി |

2016–17 വർഷം ബാധകമായ സബ്സിഡി മാർഗ്ഗരേഖയും, അനുബന്ധ ഉത്തരവുകളും പ്രകാരം പാരലൽ കോളേജിൽ പഠിക്കുന്നവർ ധനസഹായത്തിന് അർഹരല്ല. ആയതിനാൽ ചെലവഴിച്ച തുക 87200 രൂപ (21800x4) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-11 ആദായനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ വക്കീൽ ഫീസായി അഡ്വ.സന്തോഷ് പൊതുവാൾ എന്ന വ്യക്തിക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ആദായനികുതി ഈടാക്കിയിട്ടില്ല.

| വൗച്ചർ നം. | തുക |
|---|---|
| 21600860/13.12.16 | 60000 |

ആദായനികുതി നിയമം സെക്ഷൻ 194 J പ്രകാരം 30000 രൂപയിൽ അധികരിച്ച തുകക്ക് 10% നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

# 3-12 മരുന്ന് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പാക്കിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (185/17) പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി ഹോംകോവിന് തുക നൽകിയെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല.

| ബിൽ നം | തുക |
|---|---|
| 1/16-17/30.3.17 | 39540 |

മെഡിക്കൽ ഓഫീസർ ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-13 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് -- S27/17 ഭവനനിർമ്മാണം

നിർവഹണ ഉദ്യോഗസ്ഥൻ -- വി.ഇ.ഒ.

2015-16ൽ ആരംഭിച്ച ഈ പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. 3പേർ പണി പൂർത്തിയാക്കിയില്ല. ഇതിൽ ഒരു വ്യക്തി മുൻകൂർ കൈപ്പറ്റുക മാത്രമാണ് ചെയ്തത്.

വിശദാംശങ്ങൾ

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| വിജയ, പെരിങ്ങാട് | 70000 |
| ഓമന വിജയൻ | 90000 |
| ആമിന, പണിക്കവീട്ടിൽ | 10000 |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാണ് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. അർഹതപ്പെട്ട ധനസഹായം ലഭ്യമാക്കി ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-14 ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതാണ്

പഞ്ചായത്ത് നടപ്പാക്കിയ പദ്ധതികളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

1) ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (S060/17)

ഈ പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ 237500 രൂപയിൽ 200000 രൂപ മാത്രമാണ് ചെലവഴിച്ചത്. ആയതിൽ ബാക്കിയുള്ള 37500 രൂപ തിരിച്ചടക്കേണ്ടതാണ്.

2) സമ്പൂർണ്ണ വൈദ്യുതീകരണം (എസ്.സി.)--(S193/17)

ബിൽ നം -- 10/13.3.17-- 35000 രൂപ

ഈ തുകയിൽ 20000 രൂപ കെ.എസ്.ഇ.ബി., പാവറട്ടി സെക്ഷനും, 15000 രൂപ കെ.എസ്.ഇ.ബി. പറപ്പൂർ സെക്ഷനും കൈമാറി. എന്നാൽ കെ.എസ്.ഇ.ബി. പറപ്പൂർ സെക്ഷൻ 5000 രൂപ മാത്രമാണ് ചെലവഴിച്ചത്. ബാക്കിയുള്ള 10000 രൂപ കെ.എസ്.ഇ.ബി.യിൽ നിന്ന് ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-15 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് --- സംയുക്തപരിശോധന നടത്തിയിട്ടില്ല.

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിമാസം പഞ്ചായത്ത് 38150 രൂപ അടവാക്കുന്നു. പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കെ.എസ്.ഇ.ബി. ലഭ്യമാക്കുന്ന ഇൻവോയ്സ് കാർഡ് ലഭ്യമാക്കാത്തതിനാൽ ഏതെല്ലാം ഇനത്തിലുള്ള തെരുവുവിളക്കുകൾക്ക് ഏത് നിരക്കിലാണ് ചാർജ് അടവാക്കുന്നതെന്ന് പരിശോധിക്കാനായിട്ടില്ല. കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് മുഴുവനായും നടപ്പാക്കിയിട്ടില്ല.

വൈദ്യുതി ബോർഡുമായിചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി വൈദ്യുതി ചാർജ് അടവാക്കേണ്ടതാണ്.

## 3-16 കുടിവെള്ള പദ്ധതികൾ–--- ജലനിധി പദ്ധതി ഉദ്ഘാടനത്തിന് ശേഷവും തുക ചെലവഴിക്കുന്നു.

പഞ്ചായത്തിൽ 2016 സെപ്റ്റംബറിൽ ജലനിധി പദ്ധതി ഉദ്ഘാടനം ചെയ്തതാണ്. പഞ്ചായത്ത് 11 കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നീ ഇനങ്ങളിൽ തുക ചെലവഴിച്ച് കാണുന്നു. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

മാത്രമല്ല ഇത്തരം കുടിവെള്ള പദ്ധതികൾ നിലവിൽ അത്യാവശ്യമാണെങ്കിൽ സർക്കാർ ഉത്തരവ് (എം.എസ്) നം.362/13 തീയതി.16.11.13 ഖണ്ഡിക 7.12 പ്രകാരം കുടിവെള്ള പദ്ധതികളുടെ പ്രയോജനം ലഭിക്കുന്ന കുടുംബങ്ങളെ ഉൾപ്പെടുത്തി ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതും, പദ്ധതിയുടെ തുടർ നടത്തിപ്പും, അറ്റകുറ്റപ്പണിയുടെ ചുമതലയും അത്തരം ഗ്രൂപ്പുകളെ ഏല്പിക്കേണ്ടതുമാണ്. പദ്ധതികളുടെ വിവരങ്ങൾ ഇതോടൊപ്പം പ്രത്യേകം ചേർക്കുന്നു.

| കുടിവെള്ള പദ്ധതി | കൺസ്യൂമർ നം. |
|---|---|
| ചേലൂർ കുടിവെള്ള പദ്ധതി | Con.No.11003 |
| വാക AKG കുടിവെള്ള പദ്ധതി | Con.No.15024 |
| ഏറത്ത്മൂല കുടിവെള്ള പദ്ധതി | Con.No.13648 |
| കാട്ടേരി കുടിവെള്ള പദ്ധതി | Con.No.13947 |
| കടവല്ലൂർ കുടിവെള്ള പദ്ധതി | Con.No.14084 |
| കാക്കശ്ശേരി കുടിവെള്ള പദ്ധതി | Con.No.15485 |

| | |
|---|---|
| O.K. വൈദ്യർ കിണർ കുടിവെള്ള പദ്ധതി | Con.No.17428 |
| ഗാന്ധിസ്മാരക കുടിവെള്ള പദ്ധതി | Con.No.13375 |
| വിളക്കിത്തല കുടിവെള്ള പദ്ധതി | Con.No.13367 |
| 10-ാം വാർഡ് കുടിവെള്ള പദ്ധതി | Con.No.14670 |
| പറക്കാട് ചിറ്റാട്ടുകര കുടിവെള്ള പദ്ധതി | Con.No.4379 |

ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-17 വാഹനത്തിന് ടയർ വാങ്ങൽ -- ബൈബാക്ക് ഓഫർ ഉപയോഗപ്പെടുത്തിയില്ല.

കേരള സ്റ്റോർ പർച്ചേസ് മാനുവൽ 2013 (ജി.ഒ.(പി) 3/2013 എസ്.പി.ഡി. 21.6.2013) ഖ.18.1 പ്രകാരം പഴയ സാധനങ്ങൾ മാറ്റി പുതിയവ വാങ്ങുമ്പോൾ പഴയ സാധനങ്ങളുടെ വില്പന ഉൾപ്പെടുത്തി ബൈബാക്ക് ഓഫർ നിരക്കുകൾ അനുസരിച്ചുള്ള ക്വട്ടേഷൻ സ്വീകരിക്കാവുന്നതാണ്. ഉപയോഗയോഗ്യമല്ലാത്ത സാധനത്തിന്റെ അപ് സെറ്റ് മൂല്യം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ നിജപ്പെടുത്തി ക്വട്ടേഷൻ വഴി ബൈബാക്ക് ഓഫർ അംഗീകരിക്കാം.

2016-17 വർഷം പഞ്ചായത്ത് വാഹനമായ മാരുതി ഒമ്നിയുടെ (ആംബുലൻസ്) 4 ടയറുകളും, ബാറ്ററിയും മാറ്റി. എന്നാൽ ബൈബാക്ക് ഓഫർ ഉപയോഗപ്പെടുത്താൻ ശ്രമിച്ചില്ല.

| വൗച്ചർ നം | തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|
| 21601023/20.01.17 | 10504 | ബി.ആർ.ഡി. കാർ വേൾഡ് , പൂങ്കുന്നം, തൃശ്ശൂർ |
| 21601158/17.02.17 | 4961 | ബി ആർഡി കാർ വേൾഡ്, പൂങ്കുന്നം, തൃശ്ശൂർ |

പുതിയതായി വാങ്ങിയവ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. പഴയ ഇനങ്ങൾ അൺസർവീസബിൾ ഗുഡ്സ് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

# 3-18 വാഹനപരിപാലനം അപാകതകൾ

പഞ്ചായത്ത് വാഹനത്തിന്റെ പരിപാലനത്തിൽ സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല. ജി.ഒ.(എം.എസ്.)170/2007 തിയ്യതി 30.6.2007, സർക്കുലർ നം 41/2008/ധനം. തിയ്യതി 02/08/2008 എന്നീ സർക്കാർ നിർദ്ദേശങ്ങൾ ഒന്നും തന്നെ പാലിച്ചതായി കാണുന്നില്ല.

1) ഡീസൽ ഓർഡർ ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല.

2) ഇന്ധനം നിറക്കുന്നത് ഫുൾ കപ്പാസിറ്റി ആണോയെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ലോഗ് ബുക്കിൽ ഡീസൽ നിറയ്ക്കുന്നത് കൃത്യമായി ചേർത്ത് സാക്ഷ്യപ്പെടുത്തുന്നില്ല. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഇന്ധനം നിറക്കുന്നത് സാക്ഷ്യപ്പെടുത്തുന്നില്ല.

3) യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥൻ യാത്രയെ സംബന്ധിച്ച വിവരങ്ങളോ, ദൂരമോ ചേർത്ത് ഒപ്പുവയ്ക്കുന്നില്ല.

4) ലോഗ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല. ഇന്ധന ഉപഭോഗത്തെ സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല. അറ്റകുറ്റപ്പണികളെ പറ്റിയുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ ചേർക്കുന്നില്ല.

5) റിപ്പയർ രജിസ്റ്റർ കൃത്യമായി എഴുതി തയ്യാറാക്കിയിട്ടില്ല.

6) 6മാസത്തിലൊരിക്കൽ ഇന്ധനക്ഷമത പരിശോധിക്കുന്നില്ല. ഇന്ധന ഉപഭോഗം കൃത്യമായി കണക്കാക്കാനാവുന്നില്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ആവശ്യമായ എല്ലാ രേഖകളും കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-19 തനത് ഫണ്ട് വൗച്ചറുകൾ- അപാകതകൾ

i) എളവള്ളി ഗ്രാമപഞ്ചായത്തിൽ ജീപ്പ് ഡ്രൈവർ തസ്തികയിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ. ബാബു.ടി.കെ.യ്ക്ക് സർക്കാർ ഉത്തരവ് (ജി.ഒ.(പി) നമ്പർ 28/2016/ ഫിൻ തീയതി: 26/02/16) പ്രകാരം പ്രതിമാസം പരമാവധി അനുവദിക്കാവുന്ന 17550 രൂപയിലധികം വേതനം വിവിധ വൗച്ചറുകൾപ്രകാരം അനുവദിച്ചിട്ടുണ്ട് വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| വൗച്ചർ നമ്പർ /തീയതി | അനുവദിച്ച തുക |
|---|---|
| 21600095/04.05.2016 | 18200 |
| 21600152/01.06.2016 | 18200 |

മേൽ വൗച്ചറുകൾ പ്രകാരം 1300രൂപ അധികം അനുവദിച്ചിട്ടുണ്ട്. ആയത് തിരിച്ചു പിടിക്കേണ്ടതാണ്.

ii)താഴെ പറയുന്ന വൗച്ചറുകൾക്കൊപ്പം അനുബന്ധ രേഖകൾ ഇല്ല. വിശദാംശങ്ങൾ ചേർക്കുന്നു.

| വൗച്ചർനം/തീയതി | തുക കൈപ്പറ്റിയ വ്യക്തി | തുക | ചെലവിനം, അനുബന്ധ രേഖകൾ |
|---|---|---|---|
| 21600191/15.6.16 | പി.എസ്.അനിൽകുമാർ | 34350 | പണ്ടാരക്കടവ് പാലം പ്രവൃത്തി-സ്ട്രക്ചറൽ ഡിസൈൻ-കൈപ്പറ്റ് രശീതി |
| 21600312/ 11.07.16 | ശ്രീമതി. ഷൈനി സതീഷ് | 9998 | 12-ാം വാർഡ് മഴക്കാല പൂർവ്വ ശുചീകരണം – |

| | വാർഡ് മെമ്പർ | | ചെലവുരേഖകൾ |
|---|---|---|---|

അനുബന്ധ രേഖകളുടെ അഭാവത്തിൽ 44348 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു (ഓഡിറ്റ് എൻക്വയറി നം. 28/17 തീയതി :24/10/17)

iii) ചെലവ് രേഖകൾ ലഭ്യമല്ല – തുക തടസ്സപ്പെടുത്തുന്നു.

തൻവർഷം പഞ്ചായത്ത് ചെലവഴിച്ച താഴെച്ചേർത്തിട്ടുള്ള തുകകൾക്ക് ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1) കൈപ്പറ്റ് രസീതി, വിനിയോഗ വിവരം ഇല്ല

| വൗച്ചർ നം | തുക | വിവരം |
|---|---|---|
| 21601024 മുതൽ 21601039വരെ | 57275 | ഹരിതകേരളം പദ്ധതിക്കായി 16 വാർഡ് മെമ്പർമാർക്ക് നൽകിയതിന് കൈപ്പറ്റ് രസീത്, വിനിയോഗവിവരം ഇല്ല |
| 21600597/7.10.16 | 7000 | ജനറൽ സെക്രട്ടറി, ഗ്രാമപഞ്ചായത്ത് അവ്യക്ത അസോസിയേഷൻ കൈപ്പറ്റ് രസീത്, വിനിയോഗവിവരം ഇല്ല |
| 21600874/21.12.16 | 3000 | മുല്ലശ്ശേരി ഉപജില്ലാ കലോത്സവം കൈപ്പറ്റ് രസീത്, വിനിയോഗവിവരം ഇല്ല |
| 21600899/21.12.16 | 1000 | കളേജ് ക്ലബിന് ഓണാഘോഷത്തിന് നൽകിയത് കൈപ്പറ്റ് രസീത്, വിനിയോഗ വിവരം ഇല്ല |

67275 രൂപ തടസ്സപ്പെടുത്തുന്നു.

2) കൈപ്പറ്റ് രസീതി ലഭ്യമാകുന്നില്ല.

ജീവനക്കാരുടെ മാസ ശമ്പളത്തിൽ നിന്ന് റിക്കവറി നടത്തുന്ന തുകകൾക്ക് അതാത് അക്കൗണ്ടിൽ വരവ് വച്ചതായുള്ള വിവരമോ, കൈപ്പറ്റ് രസീതിയോ ലഭ്യമാകുന്നില്ല. റിക്കവറി ഇനങ്ങൾ യഥാസമയം വരവ് വക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കോ-ഓപ്പറേറ്റീവ് റിക്കവറി പോലുള്ളവയ്ക്ക് കൈപ്പറ്റ് രസീതി ലഭ്യമാക്കേണ്ടതാണ്.

# 3-20 ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കുകയും ആയതിൽ നിന്ന് അന്തിമ ലിസ്റ്റ് ഭരണസമിതി തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുകയും ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ പല പദ്ധതികളിലും ഗുണഭോക്താക്കൾക്ക് സഹായം നൽകിയതിനുശേഷം ഭരണസമിതി അംഗീകാരം ലഭ്യമാക്കുകയും ചെയ്യുന്നു. മാത്രമല്ല പിന്നീട് ഗ്രാമസഭയിൽ സാധൂകരണം തേടുകയാണ് ചെയ്യുന്നത്. ഗ്രാമസഭയിൽ കരട് ലിസ്റ്റ് അവതരിപ്പിക്കുന്നതായി കാണുന്നില്ല. പകരം മിനുട്സിൽ ലിസ്റ്റ് അംഗീകരിച്ചതായി ചേർക്കുക മാത്രമാണ് ചെയ്യുന്നത്.

ഇത് ശരിയായ നടപടിയല്ല. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമേ വ്യക്തികൾക്ക് സഹായം നൽകാവൂ. ഇക്കാര്യത്തിൽ അധികാരികൾ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-21 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിൽ വാങ്ങുന്ന വിവിധ ഇനങ്ങളുടെ സ്റ്റോക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല. ഓരോ ഇനത്തിനും പ്രത്യേകം പേജ് നമ്പർ നൽകി വാങ്ങിയ സ്ഥാപനത്തിന്റെ ബിൽ നമ്പർ, തീയതി എന്നിവ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. മാത്രമല്ല കൈപ്പറ്റിയ വ്യക്തികളുടെ ഒപ്പ് ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ സെക്രട്ടറി ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-22 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2016-17വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

<table>
<tr><td>1</td><td colspan="3">2016-17 വർഷത്തെ മൊത്തം അടങ്കൽ</td><td colspan="2">74638480</td></tr>
<tr><td>2</td><td colspan="3">2016-17 വർഷത്തെ മുൻ ബാക്കി</td><td colspan="2">1977</td></tr>
<tr><td>3</td><td colspan="3">2016-17 വർഷത്തെ ആകെ വരവ്</td><td colspan="2">9433602</td></tr>
<tr><td>4</td><td colspan="3">2016-17 വർഷത്തെ ആകെ ചെലവ്</td><td colspan="2">9412059</td></tr>
<tr><td>5</td><td colspan="3">2016-17വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ്</td><td colspan="2">21543</td></tr>
<tr><td>6</td><td colspan="3">2016-17 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം</td><td colspan="2">587</td></tr>
<tr><td>7</td><td colspan="3">2016-17 വർഷത്തിൽ പൂർത്തിയാക്കിയ ചെയ്ത പദ്ധതികളുടെ എണ്ണം</td><td colspan="2">195</td></tr>
<tr><td>8</td><td colspan="3">മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം</td><td colspan="2">2182</td></tr>
<tr><td>9</td><td colspan="5">2016-17 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ</td></tr>
<tr><td colspan="2">സ്ത്രീ</td><td colspan="2">പുരുഷൻ</td><td colspan="2">ആകെ</td></tr>
<tr><td colspan="2">24567</td><td colspan="2">672</td><td colspan="2">25239</td></tr>
<tr><td>പട്ടിക ജാതി</td><td colspan="2">പട്ടിക വർഗ്ഗം</td><td colspan="2">മറ്റുള്ളവർ</td><td>ആകെ</td></tr>
<tr><td>7960</td><td colspan="2">-</td><td colspan="2">17279</td><td>25239</td></tr>
<tr><td>11</td><td colspan="3">2016-17 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം</td><td colspan="2">516</td></tr>
</table>

| | | |
|---|---|---|
| 12 | 2016-17 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 85 |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | ഇല്ല |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ വിതരണം ചെയ്ത വേതനം | 8186508 |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 31-03-2017 വിതരണം ചെയ്യാൻ കുടിശികയുള്ള വേതനം | ഇല്ല |
| 15 | 2016-17 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | ഇല്ല |
| 16 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | ഇല്ല |

പദ്ധതികൾ സംബന്ധിച്ച വിശാദാംശം

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണം | - | - |
| 2 | വരൾച്ച തടയൽ, വനവത്കരണം | 130 | 940878 |
| 3 | ചെറുകിട ജലസേചനം | - | - |
| 4 | പട്ടികജാതി/ പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജലസംരക്ഷണം | 18 | 359335 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 29 | 4531230 |
| 6 | ഭൂവികസനം | 35 | 3127030 |

| | | | |
|---|---|---|---|
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | - | - |
| 8 | മറ്റുള്ളവ | - | 0 |

# 3-23 അംഗൻവാടികളുടെ ഭൗതികസാഹചര്യം -- അവലോകനം

പഞ്ചായത്തിൽ ആകെ 25 അംഗൻവാടികളാണ് ഉള്ളത്.

22-03-2011 ലെ സർക്കുലർ നം.31055/ഡി.സി-2/2011/തസ്വഭവ ഖണ്ഡിക 'സി ' പ്രകാരം ഗ്രാമ പഞ്ചായത്തിലെ അംഗനവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച് L.S.G.D. എഞ്ചീനിയർ/ഓവർസീയർ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്. പഞ്ചായത്തിലെ അംഗൻവാടികൾക്ക് 2016-17 വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/10ലെ ഐ.സി.ഡി.എസ്.ബി.- 3-312/2010 നമ്പർ കത്ത് പ്രകാരം ടി.എച്ച്.ആർ.എസ്. മിശ്രിതം പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കി.

മറ്റുവിവരങ്ങൾ -ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയത് പ്രകാരം

| | |
|---|---|
| സ്വന്തം കെട്ടിടമുള്ളവ | 24 |
| വാടകക്ക് പ്രവർത്തിക്കുന്നവ | 1 |
| വാടകേതരകെട്ടിടത്തിലുള്ളവ | 0 |
| ചുറ്റുമതിലുള്ളവ | 13 |
| വാട്ടർ കണക്ഷൻ ഉള്ളത് | 25 |
| ശൗചാലയങ്ങൾ ഉള്ളത് | 25 |
| വൈദ്യുതി കണക്ഷൻ ഉള്ളത് | 25 |
| ധാന്യസംഭരണി ഉള്ളത് | 25 |

പോഷകാഹാര പദ്ധതിക്കായി ലഭിച്ച തുകയിൽ 63510 രൂപ ബാക്കിയുണ്ട്.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടിക്ക് സ്വന്തം കെട്ടിടം ലഭ്യമാക്കുവാനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-24 ആശ്രയ പദ്ധതി

| ഇനം | 1st പ്രൊജക്ട് | 2nd പ്രൊജക്ട് |
|---|---|---|
| പ്രൊജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ | 54 | 50 |

| | | |
|---|---|---|
| പ്രൊജക്ട് പ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 9 | 5 |
| നാളിതുവരെ ലഭിച്ചവർ | 3 | 0 |
| പ്രൊജക്ട് പ്രകാരം വീട് ആവശ്യമുള്ളവർ | 25 | 9 |
| നാളിതുവരെ ലഭിച്ചവർ | 10 | 0 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 21 | 15 |
| നാളിതുവരെ ലഭിച്ചവർ | 11 | 0 |
| കക്കൂസ് ആവശ്യമുള്ളവർ | 7 | 0 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 40 | 0 |
| നാളിതുവരെ ലഭിച്ചവർ | 40 | 0 |
| കറന്റ് ആവശ്യമുള്ളവർ | 0 | 0 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |

ജി.ഒ.(എം.എസ്)362/13/ത.സ്വ.ഭ.വ തീയതി 16.11.13 അനുബന്ധം 14 ഖണ്ഡിക 67(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് സ്ഥലം ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ള ഇതര വിഭാഗങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നത്. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖണ്ഡിക 68(i) പ്രകാരം ഭവനരഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന ധനസഹായം മുൻഗണനാ അടിസ്ഥാനത്തിൽ നൽകണം.

തൻവർഷംആശ്രയപദ്ധതികൾക്കായിപഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല. തൻവർഷം 611333 രൂപ (ചെക്ക് നം.2121742/26.12.16) ലഭിച്ചിട്ടുണ്ട്.

ആശ്രയ അക്കൗണ്ടിൽ നീക്കിയിരുപ്പ് വിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് വിവരം | നീക്കിയിരുപ്പ് |
|---|---|---|
| ചിറ്റാട്ടുകര സർവീസ് സഹകരണബാങ്ക്, എളവള്ളി | പ്ലാൻഫണ്ട് (അക്കൗണ്ട് നം.6173) | 31.3.17 – 889852 |

ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യപ്രാപ്തിയിലെത്താത്ത സാഹചര്യത്തിലാണ് ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ഭീമമായ തുകകൾ വകയിരുത്തി സ്ഥല/ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. രണ്ടാം ഘട്ട പദ്ധതിയിൽ ആശ്രയ ഗുണഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രൊജക്ട് തയ്യാറാക്കി ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 208000 | തെങ്ങുകൃഷി വികസനം (167/17) | 208000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 237000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 37000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 49000 | ക്ഷീരസംഘങ്ങൾ മുഖേന പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 48996 | 4 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | - | 35000 | 25000 | 10000 |

ചെലവഴിക്കാൻ ബാക്കിയുള്ള തുക ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B 18ൽ ഉൾപ്പെട്ടിട്ടില്ല.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | 2702/2010/ ത.സ്വ.ഭ.വ. തിയ്യതി 12.8.10 (ഡി.ബി) | 5931939 | 1800000 | - | - | 1800000 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 13800 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 13800 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13800 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ചിറ്റാട്ടുകര സർവ്വീസ് സഹകരണ ബാങ്ക്, പി.കെ. ബാലകൃഷ്ണൻ സ്മാരക പുരസ്കാരം | 800 |
| ചിറ്റാട്ടുകര സർവ്വീസ് സഹകരണ ബാങ്ക്, പി.പി. ദേവസ്സി ഷഷ്ഠിപൂർത്തി സ്മാരക പുരസ്കാരം | 7000 |
| തൃശ്ശൂർ സഹകരണ സ്പിന്നിങ്ങ് മിൽ നിക്ഷേപം | 1000 |
| വാഴാനി - വിരുപ്പാക്ക സ്പിന്നിങ്ങ് മിൽ നിക്ഷേപം | 5000 |
| ആകെ | 13800 |

കാലാവധി കഴിഞ്ഞ സ്ഥിര നിക്ഷേപങ്ങൾ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഉദ്യോഗപ്പേരും | |
| 1996-97 | ലഭ്യമല്ല | 1168 | രാമചന്ദ്രൻ | 11605900045/24.3.17 (ഡി.സി.ആർ.ജി.യിൽ നിന്നും പിടിച്ച തുക) |

## 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34771479 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 32176943 |
| വരവിനങ്ങളിലുള്ള നഷ്ടം | 5050 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 88500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 559108 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 250 | | ടി.എ. പ്രേമരാജൻ , സെക്രട്ടറി |
| 2-3(ii) | 1400 | | ടി.എ. പ്രേമരാജൻ , സെക്രട്ടറി |
| 2-3(iii) | 3400 | | ടി.എ. പ്രേമരാജൻ , സെക്രട്ടറി |
| 3-19 i | | 1300 | ടി.എ. പ്രേമരാജൻ , സെക്രട്ടറി |
| 3-10 | | 87200 | ഉഷ വിൻസന്റ്, എച്ച്.എം., ജി.എൽ.പി.എസ്, കാക്കശ്ശേരി |
| ആകെ | 5050 | 88500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 147485 | ടി.എ. പ്രേമരാജൻ, സെക്രട്ടറി |

| | | |
|---|---|---|
| 3-2 | 300000 | ടി.എ. പ്രേമരാജൻ, സെക്രട്ടറി |
| 3-19 ii | 44348 | ടി.എ. പ്രേമരാജൻ, സെക്രട്ടറി |
| 3-19iii | 67275 | ടി.എ. പ്രേമരാജൻ, സെക്രട്ടറി |
| ആകെ | 559108 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി.എ. പ്രേമരാജൻ , സെക്രട്ടറി | സെക്രട്ടറി, എളവള്ളി ഗ്രാമ പഞ്ചായത്ത് | തലപ്പിള്ളി (ഹൗസ്) പി.ഒ. ആർത്താറ്റ് തൃശ്ശൂർ |
| ഉഷ വിൻസന്റ്, എച്ച്.എം., ജി.എൽ.പി.എസ്., കാക്കശ്ശേരി | എച്ച്. എം, ജി.എൽ.പി.എസ്, കാക്കശ്ശേരി | പുലിക്കോട്ടിൽ കാക്രാട്ട് (വീട്) കാക്രാട്ട് പടി പി.ഒ. പാവറട്ടി |

# 4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1981 മുതൽ 1988 വരെ | എൽ എഫ് ടി 11-1084/98/26.07.98 | |
| 88-89 മുതൽ 89-90 വരെ | എൽ എഫ് ടി 11-148/94/20.10.94 | |
| 90-91 | ടി | |
| 91-92 | എൽ എഫ് ടി 11-626/93/20.11.93 | |

| | | |
|---|---|---|
| 92-93 | ടി | |
| 93-94 | ടി | |
| 94-95 | എൽ എഫ് ടി 15-1239/04/28.01.05 | |
| 95-96 | എൽ എഫ് ടി 15-1238/04/17.02.05/ 07.06.05 | |
| 96-97 | എൽ.എഫ്.ടി.15-1240/04/07.02.05 | |
| 97-98 | എൽ എഫ് ടി 15-1237/04/08.02.05/ 07.06.05 | |
| 98-99 | എൽ എഫ് ടി 15-1236/04/14.02.05/ 01.07.05 | |
| 99-2000 | എൽ എഫ് ടി 15-1811/17.02.06 | |
| 99-2000-2000-01 2001-02 ജനകീയആസൂത്രണം | എൽ എഫ് ടി 15-1016/04/16.4.04/ 13.07.04 | |
| 2000-01-2001-02 | എൽ എഫ് ടി 15-2377/07/09.11.07 | |
| 2002-03 | എൽ എഫ് ടി 15-1052/08/21.04.10 | |
| 2003-04 | എൽ എഫ് ടി 15-1053/08/21.04.10 | |
| 2004-05 | എൽ എഫ് ടി 15-210/09/22.04.10/ 05.06.10 | |
| 2005-06 | എൽ എഫ് ടി 15-420/10/13.09.10 | |
| 2006-07 | എൽ എഫ് ടി 15-421/10/14.09.10/ 14.02.11 | |
| 2007-08 | എൽ എഫ് ടി പി7)374/11/11.03.11 | |
| 2008-09 | എൽ എഫ് ടി (പി7)375/11/15.03.11 | |
| 2009-10 | എൽ എഫ് ടി (പി7)376/11/16.03.11/ 31.03.11 | |
| 2010-11 | എൽ എഫ് ടി (പി1)2407/12/16.07.13 | |
| 2011-12 | എൽ എഫ് ടി (പി1)714/13/16.08.13/ 05.10.13 | |
| 2012-13 | എൽ എഫ് ടി (പി5)58/2014/ 12.08.14/ 18.09.14 | |
| 2013-14 | കെ എസ് എ-ടി എസ് ആർ (പി5)190/15 08.07.15 /28.09.15 | |
| 2014-15 | കെ എസ് എ-ടി എസ് ആർ (പി5)932/16 തിയ്യതി 13.06.16 | |
| 2015-16 | കെ എസ് എ-ടി എസ് ആർ (പി5)2126/16 തി. 16.1.17/ 31.1.17 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ.(പി5)1640/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ -680020
ഫോൺ 0487 2331249
email: dotsr.ksad@keralagov.in
തീയതി: 30.11.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

No.KSA -TSR(P5)1640/17

Kerala State Audit Department,
District Audit Office,
Thrissur – 680020
Ph: 0487 2331249
email: dotsr.ksad@keralagov.in
Dated: 30.11.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Elavally Grama Panchayat in Thrissur District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made thereunder and the guidelines issued by the Comptroller & Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial Statements of Elavally Grama Panchayat for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director,

District Audit Office, Thrissur